# സുനാമി വീടുകളുടെ താക്കോൽ ദാനം

മുദാക്കര

26.12.2009

സുനാമി പുനരധിവാസപദ്ധതിയുടെ ഭാഗമായി പണികഴിപ്പിച്ചിട്ടുള്ള 168 വീടുകളുടെ സമർപ്പണവും താക്കോൽദാനവും സന്തോഷ പൂർവ്വം നിർവ്വഹിച്ചതായി അറിയിക്കുന്നു.

സുനാമി പുനരധിവാസപദ്ധതിയുടെ ഭാഗമായി സമഗ്ര തീരദേശ വികസനമാണ് നാം യാഥാർത്ഥ്യമാക്കുന്നത്. ഒൻപത് തീരദേശ ജില്ലകളിലെ 226 ഗ്രാമങ്ങളിലെ 80 ലക്ഷംപേരെ ലക്ഷ്യമിട്ടാണ് ഈ പദ്ധതി നടപ്പാക്കുന്നത്. അടുത്ത മാർച്ച് 31ന് മുൻപ് പദ്ധതികൾ കമ്മീഷൻ ചെയ്യുന്നതോടെ അടിസ്ഥാന സൗകര്യങ്ങളുടെ കാര്യത്തിൽ നമ്മുടെ തീരദേശം ഉന്നത നിലവാരത്തിലെത്തും.

സുനാമി പുനരധിവാസപദ്ധതിയുടെ ഭാഗമായി സംസ്ഥാനത്താകെ പതിനൊന്നായിരത്തോളം കുടുംബങ്ങൾക്ക് വീടും സ്ഥലവും നൽകുന്നതിനായി 325 കോടി രൂപയാണ് ചെലവഴിച്ചത്. ഈ ജില്ലയിൽ മാത്രം 6238 വീടുകളാണ് നിർമ്മിക്കുന്നത്. ഇതിൽ സന്നദ്ധസംഘടന കളുടെകൂടി സഹകരണത്തോടെ നിർമ്മിച്ചവ ഉൾപ്പെടെ 3,841 എണ്ണം പൂർത്തിയായി. ശേഷിക്കുന്നവയുടെ നിർമ്മാണം വിവിധ ഘട്ടങ്ങളി ലാണ്. വീടുണ്ടാക്കാൻ വേണ്ടത്ര സ്ഥലം ലഭ്യമല്ലാത്ത സ്ഥിതി ചിലയിടങ്ങളിലുണ്ടായതാണ് ചിലസ്ഥലത്ത് വീട്നിർമ്മാണം വൈകാൻ ഇടയായത്. എന്നാൽ സർവ കഴിവുമുപയോഗിച്ച് സ്ഥലം ലഭ്യമാക്കി കഴിഞ്ഞു. സാങ്കേതിക നൂലാമാലകളുടെ പ്രശ്നമുണ്ട്.

അതെല്ലാം അഴിച്ച് യുദ്ധകാല വേഗത്തിൽത്തന്നെ ഇനി പദ്ധതി പ്രവർത്തനം മുന്നോട്ടു നീങ്ങും. എട്ട് മന്ത്രിമാരടങ്ങിയ മന്ത്രിസഭാ ഉപസമിതി എല്ലാ ആഴ്ചയും പദ്ധതിയുടെ പുരോഗതി വിലയിരുത്തുന്നുണ്ട്.

തീരദേശമേഖലയുടെ സമ്പൂർണ്ണ വികസനമാണ് പുനരധിവാസ പദ്ധതിയുമായി ബന്ധപ്പെട്ട് നടപ്പാകുന്നത്. കടൽത്തീരമായതിനാൽ ഈ മേഖലകളിൽ ശുദ്ധജലക്ഷാമം രൂക്ഷമാണ്. അത് പരിഹരിക്കാൻ 115 പദ്ധതികളാണ് നടപ്പാക്കുന്നത്. അതിൽ പകുതിയും പൂർത്തിയായി കഴിഞ്ഞു. ശേഷിച്ചവയുടെ പണി യുദ്ധകാലാടിസ്ഥാനത്തിൽ പുരോഗമിക്കുന്നു. തീരദേശങ്ങളിലെ പൊതുജനാരോഗ്യകേന്ദ്രങ്ങളെല്ലാം മെച്ചപ്പെടുത്താൻ 74 കോടി രൂപയുടെ ആരോഗ്യതീരം പദ്ധതി, 73 കോടിരൂപ ചെലവിൽ വൈദ്യുതീകരണ പദ്ധതികൾ, നൂറ്റെഴുപതോളം കോടിരൂപ ചെലവിൽ തീരസംരക്ഷണ പദ്ധതികൾ, നൂറ്റമ്പതോളം കോടിരൂപ ചെലവിൽ മത്സ്യബന്ധന തുറമുഖ നവീകരണപദ്ധതികൾ, തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനായി എൺപതു കോടി രൂപയുടെ പദ്ധതികൾ എന്നിങ്ങനെ വൈവിധ്യമാർന്ന പദ്ധതികൾ യാഥാർത്ഥ്യമാവുകയാണ്.

തീരദേശത്തെ വിദ്യാലയങ്ങൾ മെച്ചപ്പെടുത്തുന്നതിനും നടപടി സ്വീകരിച്ചു. വിദ്യാലയനവീകരണ പദ്ധതിയിൽ എയ്ഡഡ് വിദ്യാലയങ്ങളെയും ഉൾപ്പെടുത്തി. സുനാമിബാധിത പ്രദേശങ്ങളിലെ ഒരുലക്ഷത്തിമുപ്പത്തിനാലായിരത്തോളം കുടുംബങ്ങൾക്ക് സമഗ്രമായ ആരോഗ്യ ഇൻഷുറൻസ് പദ്ധതിയും ആവിഷ്ക്കരിച്ചു. ഇതെല്ലാം വിജയിപ്പിക്കാൻ മുഴവനാളുകളും സഹകരിക്കണമെന്നാണ് എനിക്കഭ്യർത്ഥിക്കാനുള്ളത്.

ഇവിടെ വീടുകളുടെ താക്കോൽദാനം നടക്കുമ്പോൾ ഒരു കാര്യം ഓർമ്മിപ്പിക്കാനുള്ളത് തീരദേശങ്ങളിൽ മാത്രമല്ല സമ്പൂർണ്ണ ഭവനപദ്ധതി നടപ്പാക്കുന്നത് എന്നുള്ളതാണ്. സംസ്ഥാനത്തെ മുഴുവൻ ഭവനരഹിത കുടുംബങ്ങൾക്കും വീട് ലഭ്യമാക്കുക, ആ വീട്ടിൽ കുടിവെള്ളവും വൈദ്യുതിയും ലഭ്യമാക്കുക എന്നതാണ് സർക്കാരിന്റെ ലക്ഷ്യം.

ഇ.എം.എസ്. ഭവനപദ്ധതിയും എം.എൻ.ലക്ഷംവീട് നവീകരണ പദ്ധതിയും അതിന്റെ ഭാഗമായി നടപ്പാക്കുകയാണ്. വീട് വയ്ക്കാൻ സ്ഥലമില്ലാത്തവർക്ക് സ്ഥലം ലഭ്യമാക്കിയശേഷമാണ് വീട് വയ്ക്കാൻ സഹായം ലഭ്യമാക്കുന്നത്. രണ്ട് വർഷംകൊണ്ട് എല്ലാവർക്കും പാർപ്പിടമുള്ള സംസ്ഥാനമായി കേരളത്തെ മാറ്റും.

മത്സ്യത്തൊഴിലാളി മേഖലയിൽ സർക്കാർ നടപ്പാക്കുന്ന കാര്യങ്ങൾ ഞാൻ വിശദീകരിക്കാതെ നിങ്ങൾക്കറിയാം. കൃഷിക്കാരെ എന്നപോലെ മത്സ്യത്തൊഴിലാളികളെയും കടക്കെണിയിൽനിന്ന് പൂർണമായി മോചിപ്പിക്കാൻ കഴിഞ്ഞു. മത്സ്യത്തൊഴിലാളികളുടെ കടങ്ങൾക്ക് മൊറട്ടോറിയം ഏർപ്പെടുത്തുകയും കടാശ്വാസകമ്മീഷൻ രൂപീകരിക്കുകയും ചെയ്തു. കടാശ്വാസകമ്മീഷൻ ശുപാർശചെയ്ത മുഴുവൻ മത്സ്യത്തൊഴിലാളികളുടെയും കടങ്ങൾ എഴുതിത്തള്ളി. ദാരിദ്ര്യരേഖാപരിധി നോക്കാതെ മുഴുവൻ മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്കും കിലോയ്ക്ക് 2 രൂപ നിരക്കിൽ റേഷനരി ലഭ്യമാക്കുന്നു. ഇങ്ങനെ തീരദേശത്തെ സമ്പൂർണ്ണ വികസനവും മത്സ്യത്തൊഴിലാളികളുടെ ക്ഷേമവും ഉറപ്പാക്കാൻ കഴിഞ്ഞ മൂന്നര വർഷത്തെ ഭരണംകൊണ്ട് കഴിഞ്ഞുവെന്നകാര്യം അനുസ്മരിപ്പിച്ചു കൊണ്ട് ഞാൻ നിർത്തുന്നു.

അഭിവാദ്യങ്ങൾ..